**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**11 May 2018 (24 Shabaan 1439 AH)**

# “ISLAM & RAMADAN”
# ഇസ്ലാമും റമദാനും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **“ഇസ്ലാമും റമദാനും”**എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അനുഗ്രഹീത മാസമായ റമദാനെ, അല്ലാഹുവിന്റെ കാരുണ്യത്താൽ നാം ഒരിയ്ക്കൽ ക്കൂടി സ്വാഗതം ചെയ്യാനൊരുങ്ങുകയാണ്. ഇൻശാ അല്ലാഹ്, മെയ് 16 നോ 17 നോ ആയിരിയ്ക്കും റമദാൻ ആരംഭിയ്ക്കുക.

വിശ്വാസികളേ ! റമദാൻ ഒരു പരിശുദ്ധമാസമാണ്. തന്റെ സൃഷ്ടി ജാലങ്ങളെ നിരന്തരം പരീക്ഷിച്ച് അനന്തമായ ആനന്ദം കൈവരിയ്ക്കാൻ മാനവരാശിയ്ക്ക് ദൈവം തമ്പുരാൻ അവസരമൊരുക്കുന്ന മാസം ! വ്രതാനുഷ്ഠാനം ഒരു സമ്പൂർണ്ണശുദ്ധീകരണ പ്രക്രിയയാണ്. ദിവ്യസാന്നിദ്ധ്യത്തെപ്പറ്റിയുള്ള അവബോധവും അംഗീകരണവും വളർത്തിയെടുക്കുവാനുള്ള ഒരു മാർഗ്ഗമാണിത്. ദൈവീക ഹസ്തങ്ങൾ എവിടേയും ദർശിയ്ക്കുവാനുള്ള വഴിയും. കൂടുതൽ ദൈവഭയം (തഖ്‌വ) ആർജ്ജിച്ചെടുക്കുവാൻ വ്രതാനുഷ്ടാനത്തിലൂടെ ഒരു വ്യക്തിയ്ക്കു സാദ്ധ്യമായിത്തീരുന്നു. ചെകുത്താന്റെ പദ്ധതികൾക്കെതിരിൽ തഖ്‌വ സംരക്ഷണ വലയം തീർക്കും. ഈ ലോകത്തെ പ്രശ്ന ങ്ങൾക്കെതിരിൽ ഒരു പരിചയാണ് തഖ്‌വ.

അല്ലാഹു (ത) നമ്മെ അറിയിക്കുന്നു വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു (വിഷമങ്ങളിൽ നിന്ന്) രക്ഷപ്പെടാനുള്ള മാർഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തുൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നവരാരോ അവന് അല്ലാഹു മതിയായവനാകുന്നു. അല്ലാഹു തന്റെ (ഉദ്ദിഷ്ട) കാര്യംപ്രാപിക്കുന്നവൻ തന്നെയാണ്. ഓരോ വസ്തുവിനും അല്ലാഹു ഓരോ അളവ് നിർണ്ണയിച്ചിട്ടുണ്ട്. (അത്തലാഖ് 65: 3-4)

വ്രതാനുഷ്ഠാനത്തെക്കുറിച്ചും അനുവദനീയമായ കർമ്മങ്ങളെക്കുറിച്ചും മുസ്ലിംകളിൽ പലരും തെറ്റായ ധാരണകൾ ഇന്ന് വച്ചു പുലർത്തുന്നുണ്ട്. വ്രതമെടുക്കുന്നവരിൽ പലരും തങ്ങളുടെ ദൈനംദിന പ്രവർത്തികൾ മാറ്റി വച്ച്, ഉറങ്ങിക്കിടക്കാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ സ്രഷ്ടാവിനെ ഭയപ്പെടുകയും അല്ലാഹുവിനു വേണ്ടി നോമ്പനുഷ്ഠിക്കുകയും ചെയ്യുന്ന മുസ്ലിംകൾ, പരിശുദ്ധഖുർആൻ പാരായണം ചെയ്യാനും നമസ്ക്കാര സമയങ്ങളിൽ ഏർപ്പെടുന്നതിനും വേണ്ടി ഉണർന്നിരിയ്ക്കുന്നതാണ്. എന്നാൽ ചിലരുണ്ട്. നമസ്ക്കാരത്തിനായി എഴുന്നേറ്റ ശേഷം പിന്നെയും അവർ ഉറക്കത്തിലേക്ക് മടങ്ങുന്നു. ആ രണ്ടാമത്തെ ഉറക്കം അവരെ അലസരാക്കുന്നു. അവരെത്തന്നെ ശുദ്ധീകരിയ്ക്കാനുള്ള സുവർണ്ണാവസരം അവർ നഷ്ടപ്പെടുത്തുന്നു. ആത്മീയ കാര്യങ്ങളിൽ ഏർപ്പെട്ട്, ഈ അനുഗ്രഹീത മാസത്തെ പൂർണ്ണമായും ആസ്വാദിക്കാനുള്ള അവസരം ഒരു ദൈവീകാനുഗ്രഹം തന്നെയാണ്. അത് നഷ്ടപ്പെടുത്തരുത്.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം റമദാൻ കർമ്മനിരതരാകേണ്ട മാസമാണ്. ആഹാര സംബന്ധമായ കാര്യങ്ങളിൽ നിന്ന് പൂർണ്ണമായും വിടുതൽ നേടിയിട്ടുള്ളതിനാൽ പ്രത്യേകിച്ചും അല്ലാഹുവിന്റെ മാർഗത്തിൽ അത്യദ്ധ്വാനം ചെയ്യുവാൻ വ്രതമെടുക്കുന്നയാൾക്ക് കഴിയുന്നു. പരിശുദ്ധഖുർആൻ അധികമായി പാരായണം ചെയ്യാനും, പ്രത്യേക പ്രാർത്ഥനകളിലേർപ്പെടാനും ദൈവീക സ്മരണയിൽ മുഴുകാനും വ്രതമനുഷ്ഠിക്കുന്നയാൾക്ക് അവസരം ലഭിയ്ക്കുന്നു. സ്വന്തം നഫ്സിനെ നിയന്ത്രിച്ച് അഹംബോധത്തെ ശുദ്ധീകരിച്ച് , ബുദ്ധിമാനായിത്തീരാം. വിനയാന്വിതനായി ത്തീരാം. അന്യരുടെ സ്ഥിതികൾ ചുഴിഞ്ഞു നോക്കരുത്. മറ്റുള്ളവരെ ദുഷിക്കരുത്. എല്ലാവിധ തർക്ക

വിതർക്കങ്ങളിൽ നിന്നും അകന്നു മാറാൻ വ്രതകാലം ഉപയോഗപ്പെടുത്തുക. ആവശ്യമില്ലാത്ത ചർച്ചകൾ, വഴക്കുകൾ, വെറുപ്പ്, അസൂയ, സംശയ ഗ്രസ്ഥത ഒക്കെ ഒഴിവാക്കുക. നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധചെലുത്തുക. നിങ്ങളുടെ പാപങ്ങൾക്ക് അല്ലാഹുവിനോട് മാപ്പിരക്കുക. സർവ്വലോക നാഥൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരട്ടെ. നിങ്ങളുടെ വ്രതങ്ങളും പ്രാർത്ഥനകളും സ്വീകരിക്കുമാറാകട്ടെ.

ഇസ്ലാമിക ചരിത്രത്തിൽ റമദാന് വലിയ പ്രാധാന്യമുണ്ട്. ഹിജ്റയ്ക്കു ശേഷം നബി തിരുമേനി (സ) ഒമ്പത് വർഷക്കാലം റമദാൻ മാസങ്ങൾക്ക് സാക്ഷ്യം വഹിയ്ക്കുകയുണ്ടായി. വളരെ പ്രധാനപ്പെട്ട തീരുമാനങ്ങളും അല്ലാഹു (ത) വിനോടുള്ള അനുസരണവും ത്യാഗങ്ങളും തെളിഞ്ഞുകാണാം. ഈ റമദാൻ ചരിത്രങ്ങൾ പരിശോധിക്കുമ്പോൾ) ഹിജ്റയുടെ ആദ്യ വർഷത്തിൽ, നബീ (സ) ഹംസഇബ്നു അബ്ദുൽ മുത്തലിബി (റ) ന്റെ നേതൃത്വത്തിൽ മുപ്പത് മുസ്ലിംകൾ അടങ്ങുന്ന ഒരു കുതിര സേനയെ സൈഫ്അൽബഹ്റിലേക്കു അയ്ക്കുകയുണ്ടായി, മൂന്നുറു പേർ അടങ്ങിയ ഖുറൈശി സൈന്യത്തെ നേരിടുന്നതിനു വേണ്ടിയായിരുന്നു ഇത്. മുസ്ലികൾ യുദ്ധം ചെയ്യാൻ തയ്യാറായി നില കൊണ്ടു. ഇരുകക്ഷികളോടും നല്ലബന്ധം പുലർത്തിയിരുന്ന മജിദ്ബ്നു അമ്റൽ ജറുഹാനി ഇടപെട്ടു. മദ്ധ്യസ്ഥത വഹിച്ചകൊണ്ട് യുദ്ധം ഒഴിവാക്കി. മുസ്ലിംകളുടെ ഐക്യത്തെ തകർക്കാൻ മദീനയിലെ കപടവിശ്വാസികൾ കണ്ടെത്തിയ ഒരു ഉപായമാണ്. സ്വന്തം പള്ളി നിർമ്മാണം. ഈ പള്ളി ഇടിച്ചു നിരത്താൻ നബി തിരുമേനി (സ) തന്റെ സഹാബിമാരോട് ഉത്തരവിട്ടത് ഒരു റമദാൻ മാസത്തിലാണ്.

സത്യാസത്യ വിഭജനം വ്യക്തമായ ബദ്ർ യുദ്ധം നടന്നത് ഹിജ്റ മൂന്നാം വർഷത്തെ റമദാൻ മാസം 17 –ാം തീയതിയാണ്. ഇസ്ലാമിനെ ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ അവിശ്വസികളായ ഖുറൈശി സംഘം എല്ലാ വിധ തയ്യാറെടുപ്പുകളോടെയും അണിനിരന്നു,

വെറും 313 മുസ്ലിംകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. സൈനീക ശക്തിയിലും അംഗബലത്തിലും ആയുധ പടക്കോപ്പുകളുടെ എണ്ണത്തിലും ഉള്ള വ്യക്തമായ അന്തരം നിലനില്ക്കെ തന്നെ, അല്ലാഹുവിന്റെ ദൂതൻ വിജയശ്രീലാളിതനായി. തങ്ങളുടെ വിശ്വാ

സത്തെ സംരക്ഷിക്കാൻ മുസ്ലിംകൾ ശക്തമായ നിലപാടെടുത്തു. നബി (സ) യുടെ സുരക്ഷ അവർ പ്രധാന്യത്തോടെ ഏറ്റെടുത്തു. തങ്ങളുടെ സാക്ഷിത്വത്തിലൂടെ തങ്ങളുടെ നാഥനായ അല്ലാഹു (ത) വിൽ വിലയം പ്രാപിക്കുവാൻ അവർ തയ്യാറായി. അല്ലാഹു (ത) അവർക്ക് വ്യക്തമായൊരു വിജയം റമദാൻ മാസത്തിൽ നല്കുകയുണ്ടായി. ഇസ്ലാമിക ചരിത്രത്തിലെ അവിസ്മരണിയ മുഹൂർത്തങ്ങളിൽ ഒന്നാണത്. അതായത് ബദ്ർ യുദ്ധത്തിലെ വിജയം

ഹിജ്റ 6-ാം വർഷത്തിൽ, മുസ്ലിംകളുടെ കച്ചവട സംഘത്തെ ആക്രമിച്ച് സ്വത്ത് കവർന്നെടുത്ത ഫാത്തിമ ബിന്ദ് റാബിയ എന്നു പേരുള്ള ശക്തയായ ഒരു സ്ത്രീ നിയന്ത്രിച്ചിരുന്ന വാദിഅൽഖുറ എന്ന പ്രദേശത്തേയക്ക് സൈദ്ഇബ്നുഹാരിസ് (റ) ന്റെ നേതൃത്വത്തിൽ ഒരു സൈന്യം അയയ്ക്കപ്പെട്ടു. ഇസ്ലാമിനോടുള്ള ശത്രുതാപരമായ നടപടികൾ മൂലം കുപ്രസിദ്ധയായിരുന്നു ആ സ്ത്രീ. റമദാൻ മാസത്തിൽ നടന്ന ആ യുദ്ധത്തിൽ മുസ്ലിംകൾ ആ സ്ത്രീയെ വധിച്ചു.

ഹിജ്റ 8-ാം വർഷത്തെ റമദാൻ അവസാനത്തിൽ, അറേബ്യയുടെ വടക്ക് പേർഷ്യൻ സാമ്രാജ്യത്തിനെതിരിൽ മുസ്ലിംകൾ പടനയിച്ചുകൊണ്ടിരന്നപ്പോഴാണ്, ഹുദൈബിയ സന്ധി ശത്രുക്കൾ ലംഘിച്ചത്. അല്ലാഹുവിന്റെ തിരുദൂതർ (സ) അവിശ്വാസികൾക്കെതിരിൽ ശക്തമായി പ്രതികരിച്ചു. മക്ക കീഴടക്കി, ഒടുവിൽ അല്ലാഹു (ത) അവന്റെ ഗേഹത്തെ സമാധാനത്തിന്റേയും സുരക്ഷയുടേയും മതത്തിന്റേയും കേന്ദ്രമായി പ്രഖ്യാപിച്ചു. ലജ്ജയില്ലായ്മയും അവിശുദ്ധതയും നടമാടിയ അവസ്ഥ കഴുകി സംശുദ്ധമാക്കിത്തീർത്തു. അല്ലാഹുവിന്റെ ദൂതർ (സ) വലിയൊരു സൈന്യത്തിന്റെ തലവനായി തീർന്നു. (മക്കയുടെ കീഴടങ്ങലിന് മുമ്പ് ഇസ്ലാമിക ചരിത്രത്തിൽ ഇത്രയും അംഗസംഖ്യാ മുസ്ലിംകൾക്കിടയിൽ ഇല്ലായിരുന്നു. മക്കയിലേക്ക് അടുക്കുംതോറും ഇസ്ലാമിക സൈന്യത്തിന്റെ ശക്തി വർദ്ധിച്ചു വന്നു. വിശ്വാസികളുടെ നിശ്ചയ ദാർഢ്യം അല്ലാഹുവിന്റെ തീരുമാന പ്രകാരം വളരെ മഹത്തായ ഒരു നില കൈവരിച്ചു. ഒരു തുള്ളി രക്തവും ചിന്താതെ മക്ക കീഴടങ്ങി. റമദാൻ 20-ാം തീയതിയാണ് ഇത് സംഭവിച്ചത്. ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളിൽ ഒന്നാണിത്. കാരണം മക്കയുടെ കീഴടങ്ങലിനു ശേഷമാണ്. ഉപദ്വീപു മുഴുവൻ ഇസ്ലാം ശക്തമായ നങ്കൂരമിട്ട് ഉറച്ചത്. അതേ സമയം തന്നെയാണ് വലിയ വിഗ്രഹങ്ങ

ളായ ലാത്തും, മന്നത്തും, സൂവായും മറ്റനേകം വിഗ്രങ്ങളും നശിപ്പിക്കപ്പെട്ടത്. ഇതെല്ലാം റമദാൻ മാസത്തിലാണ് സംഭവിച്ചത്.

നമ്മുടെ പ്രീയങ്കരമായ നബികരീം (സ) ഒരു പാട് പ്രയാസങ്ങൾ നേരിട്ടു റമദാൻ മാസത്തിൽ പല പരീക്ഷണങ്ങളും അഭിമുഖീകരിച്ചു. അതേ സമയം ശുദ്ധീകരണത്തിന്റെ തായ ഒരു സമയം കൂടിയായിരുന്നു അത്. സൽ പ്രവർത്തികൾ പ്രോൽസാഹിപ്പിക്കാനും തെറ്റുകുറ്റങ്ങൾ ഇല്ലാതാക്കാനും എല്ലാവരുടേയും ജീവിത സൗഖ്യത്തിനായ് പോരാടാനും വേണ്ടിയുള്ള സമയം ! ഈ ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും നേരിടേണ്ടി വന്നിട്ടും അവർ അത് ഉപേക്ഷിച്ചു പിന്മാറിയില്ല. അവർ വ്രതം അനുഷ്ഠിച്ചു. ഇബാദത്ത് ചെയ്തു. നന്മ പ്രവർത്തിക്കാൻ പരസ്പരം പ്രോത്സാഹിപ്പിച്ചു. തിന്മ വെറുത്തു. ഈ കാര്യങ്ങളെല്ലാം അവർ നന്നായി ചെയ്തു. മറ്റു സൽവ്യത്തികൾ ചെയ്യാനും അവർ സമയം കണ്ടെത്തി അൽഹംദുലില്ലാഹ്.

തിരുനബി (സ) യുടെ കാലത്തെ സഹാബാക്കൾ ആത്മാർത്ഥതയുള്ള വിശ്വാസികൾ ആയിരുന്നു. അവിശ്വാസികളുടെ ഭീഷണികളെ അവർ തെല്ലും വകവച്ചില്ല. അവർ വിശ്വാസികളോട് ദയയോടും, വിനയത്തോടും പെരുമാറി. വിശപ്പും, ദാഹവും സഹിച്ചും മറ്റുസദ്കർമ്മങ്ങൾ റമദാനിലും മറ്റുമാസങ്ങളിലും നിർവ്വഹിച്ചു കൊണ്ടും അവർ മുന്നോട്ടു പോയി. ഇത്തരം ത്യാഗങ്ങളിലൂടെയാണ് അവർ വിജയിച്ചത്. ഈ അനുഗ്രഹീതമാസത്തിൽ അവർ പരിശ്രമിച്ചു. അവർ അലസരായി ഇരുന്നില്ല. സമയം കൊല്ലാൻ വേണ്ടി ഉറക്കത്തെ അവർ കൂട്ടുപിടിച്ചില്ല, റമദാൻ ഒരു ബുദ്ധിമുട്ടായി അവർക്ക് അനുഭവപ്പെട്ടില്ല. അവർ അങ്ങനെ ചിന്തിച്ചതേയില്ല ! എല്ലാ തരത്തിലുള്ള ത്യാഗം വരിയ്ക്കുവാനും അവർ തയ്യാറായി. റമദാനിൽ ചെയ്യുവാൻ അല്ലാഹു (ത) കല്പിച്ച കാര്യങ്ങൾ അവർ നിർവ്വഹിച്ചു. പരിപൂർണ്ണമതമായ ഇസ്ലാമിനെ അവർ സംരക്ഷിച്ചു. അവർ യുദ്ധം ചെയ്തു. അല്ലാഹുവിനു വേണ്ടി തങ്ങളുടെ ജീവിതം സമർപ്പിച്ചു. അൽഹംദുലില്ലാഹ് അത്തരം ത്യാഗങ്ങളിലൂടെയാണ് ഇസ്ലാം ലോകത്തിന്റെ നാലുകോണുകളിലേക്കും പടർന്നത്. ഇസ്ലാമിന്റെ സത്യസന്ദേശം മഹത്തായ രീതിയിൽ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഇപ്പോൾ നമ്മുടേതാണ്. നമ്മൾ പരസ്പരം ഭിന്നിക്കരുത്. ഈ ഭിന്നതകൾ ഇങ്ങനെ തുടർന്നുകൂടാ. ഇത് അവസാനിപ്പിക്കണം. നാം എല്ലാം മുസ്ലിം സഹോദരന്മാരാണ്. നമ്മൾ ഒരുമിക്കണം. ഇസ്ലാമിന്റെ അധ്യാപനങ്ങൾ സംരക്ഷി

ക്കാൻ വേണ്ടി വരിച്ച ത്യാഗങ്ങൾ നാം ഓർക്കേണ്ടതാണ്. അത്തരം ത്യാഗങ്ങൾക്ക് നാമും തയ്യാറാകേണ്ടതാണ്.

അതുകൊണ്ട്, നമ്മുടെ വ്യത്യാസങ്ങൾ നമുക്ക് മറക്കാം. ഇക്കാലത്തെ ഖലീഫത്തുല്ലയെന്ന നിലയിൽ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. നമുക്ക് ഒരുമിക്കാം നമുക്കിടയിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കാം. നബി തിരുമേനി (സ) യുടെ സന്ദേശമായ തൗഹീദും നബിചര്യയും സംരക്ഷിയ്ക്കാൻ വേണ്ടി നമുക്ക് ശ്രമിയ്ക്കാം. മുസ്ലിംകൾ മുസ്ലികളോട് യുദ്ധം ചെയ്തുകൊണ്ടിയിരിയ്ക്കുന്നു. എത്ര നിർഭാഗ്യകരം ! ഒരു മുസ്ലിം തന്റെ സഹോദരനെ അമുസ്ലിം എന്നു വിളിയ്ക്കുന്നു. ! തന്റെ സഹോദരന്റെ ഈമാനെ ബഹുമാനിയ്ക്കുന്നില്ല. അല്ലാഹു (ത) കല്പിച്ചതു പോലെ ഇസ്ലാം മതാദ്ധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിയ്ക്കാനുള്ള സ്വാതന്ത്ര്യത്തെ നിയമം മുഖേനെ തടയാൻ ശ്രമിയ്ക്കുന്നു ! ഇസ്ലാമിലെ വിവിധ വിഭാഗങ്ങൾ –സുന്നി, ഷിയാ, അഹ്മദി, തുടങ്ങിയവ – കൂട്ടക്കൊലയ്ക്ക് വിധേയരാകുന്നു. കലിമ ചൊല്ലുന്ന ഒരാളെ മുസ്ലിം അല്ലായെന്നു പറയാൻ കാഫിറെന്നു വിധിയ്ക്കാൻ ദൈവീകാനു മതി നമുക്കുണ്ടോ ?

പാക്കിസ്ഥാൻ രാഷ്ട്രത്തിലെ പാക് ആത്മീയ പരിശുദ്ധിയെ സൂചിപ്പിക്കുന്നു. എന്നിട്ടും അവിടുത്തെ നേതാക്കൾ പരിശുദ്ധിയോടെ പ്രവർക്കിയ്ക്കുന്നില്ല. ജനങ്ങളുടെ വിശ്വാസ സ്വാതന്ത്ര്യത്തേയും, മതസഹിഷ്ണുതയേയും പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ അവർ പിന്തുടരുന്നില്ല. നബി തിരുമേനി (സ) യും ഇസ്ലാമിന്റെ അടിസ്ഥാന പാഠങ്ങളും ഇസ്ലാം മതം സ്വീകരിയ്ക്കാൻ ആരെയും നിർബന്ധിയ്ക്കാൻ അനുവദിയ്ക്കുന്നില്ല. എന്നാൽ, അഹമദികളുടെ കാര്യത്തിൽ, മുസ്ലികൾ തങ്ങളുടെ സഹോദരന്മാരെ ഇസ്ലാമിക പാഠങ്ങൾ അനുസരിച്ച് ജീവിയക്കാൻ അനുവദിക്കുന്നില്ലായെന്നത് നിർഭാഗ്യകരമാണ്. മതനിന്ദാ നിയമത്തിൻ കീഴിൽ, പാക്കിസ്ഥാൻ അഹ്മദി മുസ്ലികളെ അറസ്റ്റ് ചെയ്ത് ജയിലിടയ്ക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തെ പിന്തുണയ്ക്കുന്നവരെ കൊല്ലാൻ മുതിരുന്നു. അവർ ചെയ്തുകൊണ്ടിയിരിയ്ക്കുന്ന കാര്യങ്ങൾ നിഷ്ഠൂരം തന്നെ !

## ഒരു അഭ്യർത്ഥന

ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. ഇസ്ലാമിന്റെ പേരിൽ നിങ്ങൾ നടത്തിക്കൊണ്ടിരിയ്ക്കുന്ന അനിസ്മാക കൃത്യങ്ങൾ ഉപേക്ഷിയ്ക്കുക. തന്റെ തീരുമാനം നട

ഷിലാക്കുവാൻ അല്ലാഹുവിനെ അനുവദിക്കുക. ചില വ്യക്തികളും സംഘങ്ങളും മുസ്ലി കൾ തന്നെയോയെന്ന കാര്യത്തിൽ നിങ്ങൾ വിയോജിക്കുന്നുവോ ? എങ്കിൽ, എന്തിനു നിങ്ങളുടെ കരങ്ങളും , മനസ്സാക്ഷിയും മലീമസമാക്കണം ? അല്ലാഹുവിനെ അവന്റെ ജോലി ചെയ്യുവാൻ വിടുക. അവനാണ് ഏറ്റവും നല്ല ന്യായധിപൻ ! ആരാണ് യഥാർത്ഥ മുസ്ലിം എന്ന കാര്യം നന്നായി അറിയുന്നത് അല്ലാഹു മാത്രമാണ്. തന്നോടും ഇസ്ലാം മതത്തോടും യഥാർത്ഥകൂറു പുലർത്തുന്നത് ആരെന്ന് അല്ലാഹു (ത) അറിയുന്നു.

ഇസ്ലാം മതവിശ്വാസം പുലർത്തുന്നതിൽ നിന്നും അഹ്മദികളെ തടയാൻ നിങ്ങൾ മതത്തിനു പുറത്തുള്ള വഴികൾ തേടുന്നു. ഇത് നിർഭാഗ്യകരം തന്നെ. അതെ, അഹ്മദികൾ വിശ്വാസിക്കുന്നത് ഇസ്ലാംമതം തന്നെയെന്ന് ഞാൻ വ്യക്തമാക്കുന്നു. നമ്മുടെ പ്രവാചകൻ സാക്ഷാൽ മുഹമ്മദ് നബി (സ) തന്നെയാണ്. നമ്മുടെ പരിശുദ്ധ വേദപുസ്തകം ഖുർആൻ തന്നെയാണ്. നമ്മുടെ കലിമ ലാ ഇലാഹ് ഇല്ലല്ലാഹ് മുഹമ്മ ദുർറസൂലുല്ലാഹ് തന്നെയാണ്. ആർക്കാണ് ഞങ്ങളുടെ ഹൃദയത്തിൽ നിന്നും ഞങ്ങ ളുടെ വിശ്വാസത്തെ മായിച്ചു കളയുവാൻ കഴിയുക ? അല്ലാഹു (ത) ഞങ്ങളുടെ സംര ക്ഷകൻ ആയിരിയ്ക്കുമ്പോൾ ഇതു ചെയ്യാൻ മറ്റാർക്കു കഴിയും ? അല്ലാഹു (ത) വിന് അവന്റെ യഥാർത്ഥ സേവകരെ നന്നായി അറിയാം. അവന്റെ യഥാർത്ഥ സേവക രാകട്ടെ വിവിധ കക്ഷികളിലായി കാണപ്പെടുന്നു. അവന്റെ നല്ല സേവകരെയെല്ലാം ഒരുമിച്ചു കൂട്ടി ഇസ്ലാമിന്റെ ഗരിമ തിരികെക്കൊണ്ടുവരുവാൻ അല്ലാഹു (ത) ഉദ്ദേശി യ്ക്കുന്നു. അതിന്റെ സമയം ആസന്നമായിരിയ്ക്കുന്നു.

ചരിത്രം ഇപ്പോൾ ആവർത്തിയ്ക്കുകയാണ്. എന്നാൽ നമ്മുടെ പരിശുദ്ധ പ്രവാചകൻ (സ) സമ്പൂർണ്ണനായിരുന്നതുപോലെയല്ല ഞാൻ. എന്നിരുന്നാലും അല്ലാഹു (ത) എന്നെ തെരഞ്ഞെടുത്തു. ഒരു കുഞ്ഞ് മുഹമ്മദ് ആയിത്തീരാൻ, അദ്ദേ ഹത്തിന്റെ കാലടിപ്പാത പിന്തുടരാൻ. മാനവരാശിയുടേയും ഇസ്ലാമിന്റെയും പരിഷ്ക രണത്തിനായി മുഹമ്മദ് മുസ്തഫാ തിരുമേനി (സ) യുടെ ഉമ്മത്തിൽ അവതരിച്ചു. പരി ഷ്കർത്താവായ ദൂതനാണ് ഞാൻ. എന്റെ ഗുരുവായ ഹസ്രത് മുഹമ്മദ് (സ) ന്റെ കാല്പാദത്തോളം പൊക്കം പോലും ആർജ്ജിക്കാൻ ഒരിയ്ക്കലും എനിക്ക് സാധിക്കു കയില്ല. അല്ലാഹു (ത) അവന്റെ വെളിപാടുകളിലൂടെ ഞാനൊരു ആദം ആണെന്നും ദാവൂദ് ആണെന്നും മറ്റും പറഞ്ഞിരിയ്ക്കുന്നു. ഇതിന്റെ അർത്ഥം എന്റെ സ്ഥാനം നബി

തിരുമേനി (സ) യ്ക്ക് മുകളിലോ തുല്യമോ ആണെന്നല്ല. ഞാൻ മറ്റൊരു മതം സ്ഥാപിയ്ക്കാൻ ശ്രമിയ്ക്കുകയും അല്ല. ലളിതമയായി പറഞ്ഞാൽ, അല്ലാഹു (ത) എന്നിൽ ഈ ഗുണങ്ങളെല്ലാം തന്റെ പ്രവാചകന്മാരുടെ ഗുണഗണങ്ങൾ പ്രതിഫലിപ്പിച്ചിരിയ്ക്കുന്നു, നൂറുശതമാനം ഇല്ലെങ്കിൽ പോലും എന്റെ തോളിൽ അവൻ വച്ചിരിയ്ക്കുന്ന മഹത്തായ ദൗത്യം തികഞ്ഞ ഉത്തരവാദിത്വത്തോടെ നിറവേറ്റുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

ഇസ്ലാം മതം അനുസരിച്ചു ജീവിക്കുന്നതിൽ നിന്നും അഭിപ്രായ സ്വാതന്ത്ര്യം പ്രകടിപ്പിക്കുന്നതിൽ നിന്നും മുസ്ലിം സഹോദരന്മാരെ തടയാൻ മുസ്ലിംകൾ തന്നെ രാജ്യത്തെ നിയമസംവിധാനത്തെ ഉപയോഗപ്പെടുത്തുന്നത് നിർഭാഗ്യകരം തന്നെ. നാസിർ അഹ്മദ് സുൽത്താനി എന്നെ കള്ളനാക്കി, സ്വയം സത്യവാനെന്ന് പ്രഖ്യാപിച്ചു. എന്നിരുന്നാലും ഒരു വർഷത്തിലേറെയായ് ജയിലറയിൽ പാക്കിസ്ഥാനിൽ കഴിയുകയാണ് സുൽത്താനി. 2017 മാർച്ച് ന് ശേഷം അദ്ദേഹത്തെപ്പറ്റി യാതൊരു വാർത്തകളും ലഭ്യമല്ല. ഖലീഫത്തുല്ലായെന്ന നിലയിൽ അദ്ദേഹത്തെ മോചിപ്പിക്കാൻ പാക്കിസ്ഥാൻ അധികാരികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓർമ്മിക്കു ! അദ്ദേഹത്തിന്റെ വിശ്വാസത്തെപ്പറ്റി വിധി പറയേണ്ട് നിങ്ങളല്ല, അത് അല്ലാഹുവിന്റെ ജോലിയാണ്. അദ്ദേഹം സത്യവാനാണെങ്കിലും വ്യാജവാദിയാണെങ്കലും ആദരിക്കേണ്ടതും ശിക്ഷിക്കേണ്ടതും നിങ്ങളല്ല. അദ്ദേഹത്തെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളണേട്ത് അല്ലാഹുവാണ്. ദൈവീക കല്പന ലഭിക്കാതെ ദൈവത്തിൽ നിന്നുള്ളവരാണെന്ന് വാദം പുറപ്പെടുവിക്കാൻ അല്ലാഹുവിന്റെ നാമം ഉപയോഗിക്കുന്ന ഓരോ വ്യാജവാദിയെപ്പറ്റിയും തീരുമാനമെടുക്കേണ്ടതും അല്ലാഹുതന്നെയാണ്.

നിങ്ങൾക്ക് നീതി നിർവ്വഹിയ്ക്കുവാൻ അറിയാത്ത സ്ഥിതിയിൽ നീതി നിർവ്വഹിയ്ക്കാൻ നിങ്ങളുടെ കൈകളെ നീട്ടരുത്. തുറന്ന മനസ്സോടെയാണ് നീതി നടപ്പിലാക്കേണ്ടത്. പരാതിക്കാരനേയും, കുറ്റാരോപിതനേയും കേൾക്കാൻ തയ്യാറാകണം. പക്ഷം ചേരാതെ നീതി നടപ്പാക്കണം. അല്ലാഹുവാണ് ഇത് ഏറ്റവും നന്നായി നിർവ്വഹിയ്ക്കുന്നവൻ, വിശ്വാസത്തിന്റെ പേരിൽ എന്തിനാണ് നിങ്ങൾ ആളുകളെ കൊല്ലാൻ ശ്രമിയ്ക്കുന്നത് ? നിങ്ങളെപ്പോലെയുള്ള മുസ്ലികളെ കൊല്ലാൻ നിങ്ങൾക്ക് ദൈവീകാനുമതി വെളിപാട് ലഭിച്ചുവോ ? വീണ്ടും പറയട്ടെ അവന്റെ സൃഷ്ടികളെ

സംബന്ധിച്ച കാര്യം തീരുമാനിയ്ക്കാൻ അല്ലാഹുവിനെ അനുവദിയ്ക്കുക. ആരാണ് സത്യവാനെന്നും വ്യാജവാദിയെന്നും അവനു മാത്രം അറിയാം. സത്യം തീർച്ചയായും വിജയിക്കണം ഇൻശാ അല്ലാഹ്

അവർ തന്ത്രം പ്രയോഗിച്ചു അല്ലാഹുവും തന്ത്രം പ്രയോഗിച്ചു തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ അല്ലാഹു (3 :55)

നമ്മുടെ സഹോദരന്മാരുടേയും സഹോദരിമാരുടേയും വിശ്വാസത്തെ പരിശോധിയ്ക്കുന്നത് അവസാനിപ്പിക്കുന്നതിനുള്ള സമയം ആയിരിക്കുന്നു. എന്നിട്ട് സ്വന്തം വിശ്വാസത്തെ പരിശോധിയ്ക്കുക. തീർച്ചയായും റമദാൻ മാസം അതിന് ഏറ്റവും പറ്റിയ അവസരം തന്നെയാണ്. നമ്മുടെ സ്വന്തം സഹോദരന്മാർക്കെതിരിലുള്ള മതവിദ്വേഷം ഈ റമദാനിൽ നമുക്ക് അവസാനിപ്പിക്കാം. ഇസ്ലാം ഐക്യത്തോടും, ശക്തിയോടും, ഉയർത്തെഴുന്നേല്ക്കുന്നതിനു വേണ്ടി, മഹോന്നതനായ അല്ലാഹു (ത) നമുക്ക് കഴിവും, വിജയവും നല്കി അനുഗ്രഹിയ്ക്കുന്നതിനു വേണ്ടി, നമുക്ക് ഒരുമിച്ചു പ്രാർത്ഥിയ്ക്കാം ഈ അനുഗ്രഹീത മാസത്തിൽ.

ഇസ്ലാമിന്റെ മഹത്വം ഉയർത്തിക്കാട്ടുന്നവരിൽ ഉൾപ്പെടാൻ അല്ലാഹു(ത) നമുക്ക് തൗഫീഖ് നൽകട്ടെ. ഖുർആനിലെ 700 ദൈവീകകല്പനകൾക്ക് മാന്യതയും ബഹുമാനവും നല്കുന്നവർ ആകട്ടെ ! നമ്മൾ ആദർശ പ്രഖ്യാപനം അനുസരിച്ച് ജീവിയ്ക്കുന്ന യഥാർത്ഥ വിശ്വാസികളാകട്ടെ ആമീൻ. വിശ്വാസികളേ ! ഈ അനുഗ്രഹീത റമദാൻ മാസത്തിൽ നമ്മുടെ പ്രിയങ്കരനായ ഹസ്രത്ത് മുഹമ്മദ് നബി (സ) യ്ക്കുമേൽ, അദ്ദേഹത്തിന്റെ സഹാബികൾക്ക്, ജൈവീക –ആത്മീയ സന്തതിപരമ്പരകൾക്കുമേൽ അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞുകൊണ്ടിരിയ്ക്കുക, ഇൻശാ അല്ലാഹ് ആമീൻ


**Translated By : Fazil Jamal**
**& Issued By : R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**